

ഏകീകൃത കാർഷിക വിവര ഹബ്ബും, ഡിജിറ്റൽ കർഷക സേവന പ്ലാറ്റ്ഫോമും കൃഷിവകുപ്പും നബാർഡുമായുള്ള ധാരണാപത്രം കൃഷിവകുപ്പ് ഡയറക്ടർ അഞ്ജു കെ എസും നാബ്കോൺസിന് വേണ്ടി ഡെപ്യൂട്ടി ജനറൽ മാനേജർ ലാലു പി കുട്ടിയും കൃഷി മന്ത്രി പി പ്രസാദിന്റെ സാന്നിധ്യത്തിൽ ഒപ്പുവയ്ക്കുന്നു

# ഡിജിറ്റൽ കാർഷിക സർവേ കേരളത്തിൽ ആരംഭിക്കുന്നു



## ◆ ആദ്യഘട്ടം ആലപ്പുഴ മാന്നാറിൽ

തിരുവനന്തപുരം: അഗ്രി-സ്റ്റാക്ക് പദ്ധതിയുടെ ഭാഗമായുള്ള ഡിജിറ്റൽ ക്രോപ്പ് സർവേ കേരളത്തിൽ ആരംഭിക്കുന്നു. കേരളം ഉൾപ്പെടെ 14 സംസ്ഥാനങ്ങളെയാണ് ആദ്യഘട്ടത്തിൽ ഇതിനായി തെരഞ്ഞെടുത്തിട്ടുള്ളത്. കേരളത്തിൽ ആലപ്പുഴ, പാലക്കാട്, വയനാട് ജില്ലകളിലെ 299 വില്ലേജുകളിലാണ് ഡിജിറ്റൽ ക്രോപ്പ് സർവേ നടത്തുന്നത്. ആദ്യഘട്ടമായി ആലപ്പുഴ മാന്നാർ വില്ലേജിൽ 13, 14 തീയതികളിൽ സർവേ ആരംഭിക്കും. കൃഷി, റവന്യൂ, സർവേ വകുപ്പുകൾ പദ്ധതിയിൽ പങ്കെടുക്കും. കേന്ദ്ര കൃഷി മന്ത്രാലയത്തിലെ ഡയറക്ടർ മുക്താനന്ദ് അഗർവാൾ, അണ്ടർ സെക്രട്ടറി ചന്ദൻ കുമാർ എന്നിവർ പങ്കെടുക്കും. സർവേയുടെ ആദ്യ പടിയായി മാസ്റ്റർ ട്രെയിനേഴ്സിന്റെ പരിശീലനം തിരുവനന്തപുരം സമേതിയിലാണ് നടന്നത്.

ഐടി അധിഷ്ഠിത സാങ്കേതിക വിദ്യകളെയും, വിവിധ ഡേറ്റാബേസുകളെയും സമാഹരിച്ച് കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അഗ്രി-സ്റ്റാക്ക്. രാജ്യത്തെ മുഴുവൻ കർഷകരുടെയും, കാർഷിക മേഖലയുടെയും സമഗ്ര വികസനമാണ് ഇതിന്റെ ലക്ഷ്യം. മൂന്നു തലങ്ങളിലായാണ് അഗ്രി സ്റ്റാക്കിനെ വികസിപ്പിക്കുന്നത്. ഒന്നാം ഘട്ടത്തിൽ കൃഷിവകുപ്പിന്റെ എയിംസ് പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരുടെ വ്യക്തിഗത വിവരങ്ങളോടൊപ്പം അവരുടെ ഭൂമി സംബന്ധിച്ച വിവരങ്ങൾ കൂടി റവന്യൂ വകുപ്പിന്റെ ഡാറ്റയുമായി പരിശോധിച്ച് ഉറപ്പു വരുത്തിയതിനു ശേഷം അഗ്രിസ്റ്റാക്കിലേക്ക് കൂട്ടിച്ചേർക്കും.

രണ്ടാം ഘട്ടത്തിൽ കൃഷിഭൂമിയുടെ വിവരങ്ങൾ റവന്യൂ വകുപ്പിന്റെ ഡിജിറ്റൽ വില്ലേജ് മാപ്പുകളിൽ അടയാളപ്പെടുത്തുകയും, മൂന്നാം ഘട്ടത്തിൽ, ഓരോ കൃഷിയിടത്തിലും ഉള്ള വിളകളുടെ വിശദാംശങ്ങൾ ശേഖരിച്ച് കൃഷിയുടെ വിവരങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്യും. ഇത്തരത്തിൽ കർഷകരുടെയും, കൃഷിഭൂമിയുടെയും, വിളകളുടെയും വിവരങ്ങൾ പൂർണമായും ലഭ്യമായിക്കഴിഞ്ഞാൽ, അർഹരായ കർഷകർക്ക് വിവിധ സംസ്ഥാന-കേന്ദ്ര പദ്ധതികളുടെ ആനുകൂല്യങ്ങൾ എളുപ്പത്തിൽ ലഭ്യമാക്കുവാൻ കഴിയും. ധനസഹായങ്ങൾ, സേവനങ്ങൾ എന്നിവ കൃത്യതയോടെ നൽകുവാനും, കൃഷിയുടെ തൽസ്ഥിതി വിവരങ്ങളുടെ അടിസ്ഥാനത്തിൽ നയപരമായ തീരുമാനങ്ങൾ കൈക്കൊള്ളാനും കഴിയും.

ADMISSION 2023
MD,MS,MDS
MBBS,BDS
BAMS,BHMS,BASLP,BPT
NURSING,CARDIAC,RADIOLOGY,B.PHARM,MBA etc.....
JUNU HEALTHCARE
NEAR SUGAR CANE BREEDING INSTITUTE
SOUTH BAZAR KANNUR 670002
8714600975 | 8714600976 | 8714600980

# കാർഷിക വിവര ഹബ്ബും ഡിജിറ്റൽ പ്ലാറ്റ്ഫോമും ഒരുങ്ങുന്നു

## ◆ കൃഷിവകുപ്പും നബാർഡുമായി ധാരണാപത്രം ഒപ്പുവച്ചു

തിരുവനന്തപുരം: കർഷകർക്ക് ആവശ്യമായ സഹായങ്ങൾ സുതാര്യവും കാര്യക്ഷമമായും എത്തിക്കുന്നതിനായി കേരളത്തിലെ കർഷകമേഖലയുടെ ഏകീകൃത കാർഷിക വിവര ഹബ്ബും, ഡിജിറ്റൽ കർഷക സേവന പ്ലാറ്റ്ഫോമും കൃഷി വകുപ്പ് തയ്യാറാക്കുന്നു. ഇതിന്റെ ഭാഗമായി നബാർഡിന്റെ പൂർണ ഉടമസ്ഥതയിലുള്ള നാബ്കോൺസുമായി കൃഷിവകുപ്പ് ധാരണാപത്രം ഒപ്പുവച്ചു. കൃഷി മന്ത്രി പി പ്രസാദിന്റെ സാന്നിധ്യത്തിൽ തിരുവനന്തപുരം സമേതിയിൽ ചേർന്ന ചടങ്ങിലാണ് ധാരണാപത്രം ഒപ്പുവച്ചത്.

ഓരോ കാലാവസ്ഥയിലെയും കാർഷിക ആവാസവ്യവസ്ഥയെക്കുറിച്ചുള്ള ധാരണ മെച്ചപ്പെടുത്തുന്നതിന് ഒരൊറ്റ പ്ലാറ്റ്ഫോമിൽ കേരളത്തിലെ കാർഷിക സംബന്ധിയായ എല്ലാ വിവരങ്ങളും ഏകീകരിക്കുകയാണ് പദ്ധതി വഴി ലക്ഷ്യമിടുന്നത്.

വ്യക്തിഗത കാർഷിക സവിശേഷതകളും രീതികളും നിർണയിക്കാൻ നിർമ്മിതബുദ്ധി സങ്കേതങ്ങൾ, ഉപഗ്രഹ ഡാറ്റ എന്നിവയിലൂടെ കൃഷിയിട അതിരുകൾ തിരിച്ചറിയുകയും, കർഷകർക്ക് കാലാവസ്ഥാ വ്യതിയാനത്തിന്റെ അപകടസാധ്യത കുറയ്ക്കുന്നതിനും, വരുമാനം മെച്ചപ്പെടുത്തുന്നതിനുമായി കാർഷിക കാലാവസ്ഥാ മേഖല ആസൂത്രണം നടത്തുകയും ഇതിലൂടെ ലക്ഷ്യമിടുന്നു.

സർക്കാർ ആനുകൂല്യങ്ങളും പദ്ധതികളും ഫലപ്രദമായി നടപ്പിലാക്കുന്നതിന് കർഷകരുടെയും, കൃഷിസ്ഥലങ്ങളുടെയും, കൃഷിയെയും സംബന്ധിച്ച തത്സമയ വിവരങ്ങൾ ഒരുക്കുന്നതുൾപ്പെടെയുള്ള സമഗ്രമായ ലക്ഷ്യങ്ങൾ മുന്നിൽ കണ്ടുകൊണ്ടാണ് പദ്ധതിക്ക് തുടക്കം കുറിക്കുന്നത്.

കേരള കൃഷി ഹബ്ബ് എന്ന് പേരിട്ടിട്ടുള്ള ഈ പദ്ധതിയെ കൃഷിവകുപ്പിന്റെ ഐടി പദ്ധതിയിൽ ഒരു ഘടകമായി ഉൾപ്പെടുത്തി ഒരു കോടി രൂപ സംസ്ഥാന സർക്കാർ ആദ്യ വർഷത്തിൽ വകയിരുത്തിയിട്ടുണ്ട്. സംസ്ഥാനവും നാബ്കോൺസും സംയുക്തമായി ഫണ്ടുകൾ വിനിയോഗിക്കും. ആവശ്യമായ അധിക തുക വിവിധ കേന്ദ്ര-സംസ്ഥാന ഫണ്ടുകളിൽ നിന്നും ലഭ്യമാക്കും.

കൃഷിവകുപ്പിനു വേണ്ടി കൃഷി ഡയറക്ടർ അഞ്ജു കെ എസും, നാബ്കോൺസിന് വേണ്ടി ഡെപ്യൂട്ടി ജനറൽ മാനേജർ ലാലു പി കുട്ടിയുമാണ് ധാരണാപത്രത്തിൽ ഒപ്പുവച്ചത്. നബാർഡ് സിജിഎം ഗോപകുമാരൻ നായർ, കാർഷികോല്പാദന കമ്മീഷണർ ഡോ. ബി അശോക്, കൃഷി അഡീഷണൽ ഡയറക്ടർ ജോർജ് സെബാസ്റ്റ്യൻ തുടങ്ങിയവർ സംസാരിച്ചു.